**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **24-06-2024 - ൽ മറുപടിയ്ക്ക്**

**അനാഥാലയങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനാഥാലയങ്ങൾക്ക് വൈദ്യുതി നിരക്കിൽ എന്തെങ്കിലും ഇളവുകൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അനാഥാലയങ്ങൾക്ക് താരിഫ് ഓർഡറിലെ 6D താരിഫ് പ്രകാരം ഇളവുകൾ അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ഫിക്സഡ് ചാർജ്ജ് മാസം ഒരു കൺസ്യൂമർക്ക് 35 രൂപയും, എനർജ്ജി ചാർജ്ജ് യൂണിറ്റിന് 2.10 രൂപയുമാണ്. |
| (ബി) | ഇത്തരത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾക്ക് നിലവിൽ വൈദ്യുതി നിരക്കിൽ ഇളവ് നൽകിവരുന്നുണ്ട്; വ്യക്തമാക്കാമോ; | (ബി) | നിലവിലെ നയമനുസരിച്ച് ഭിന്നശേഷിക്കാരുടെയും, ബധിരർ, മൂകർ, മറ്റ് അംഗവൈകല്യമുള്ളവരുടെയും സ്കൂളുകൾ, ഹോസ്റ്റലുകൾ തുടങ്ങിയവ, ചെഷയർ ഹോം, പോളിയോ ഹോം, SOS കുട്ടികളുടെ വില്ലേജുകൾ, ക്യാൻസർ രോഗബാധിതരുടെ ചാരിറ്റി സെന്ററുകൾ, പാലിയേറ്റീവ് കെയർ, എച്ച്.ഐ.വി. റീഹാബിലിറ്റേഷൻ സെന്ററുകൾ, ചാരിറ്റബിൾ ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററുകൾ, അനാഥ മൃഗങ്ങളുടെയും പക്ഷികളുടെയും ഷെൽറ്ററുകൾ, സൗജന്യ ഡയാലിസിസ് സെന്ററുകൾ, ബഡ്സ് സ്കൂളുകൾ, ഓട്ടിസം സ്കൂളുകൾ എന്നിവയ്ക്ക് വൈദ്യുതി നിരക്കിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | വൈദ്യുതി നിരക്കിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അതിൻമേലുള്ള നടപടി ക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; | (സി) | വൈദ്യുതി നിരക്കിൽ ഇളവ് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ എല്ലാം തന്നെ തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ ഈ വിഷയത്തിൽ പരാതികളോ അപേക്ഷകളോ പരിഹരിക്കാൻ ബാക്കിയില്ല. |
| (ഡി) | അനാഥാലയങ്ങൾക്ക് വൈദ്യുതി നിരക്ക് കുറച്ചു നൽകുന്ന കാര്യത്തിൽ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വിശദമാക്കാമോ? | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ